**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 - 2525300

**വിജ്ഞാപനം**

**ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സ് പ്രവേശനം-2024**
**സ്ട്രേ വേക്കൻസി ഫില്ലിംഗ് - താത്കാലിക അലോട്ട്മെൻറ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.**

കേരളത്തിലെ സ്വാശ്രയ ഫാർമസി കോളേജുകളിലെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റിനു ശേഷം ഒഴിവുള്ള സീറ്റുകളിലേയ്ക്ക് പ്രവേശനത്തിനുള്ള താത്കാലിക സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെൻറ് ലിസ്റ്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ **'B.Pharm(LE) 2024- Candidate Portal'**-എന്ന ലിങ്കിൽ നിന്നും പ്രൊവിഷണൽ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. മൂന്നാംഘട്ട അലോട്ട്മെന്റിനായി രജിസ്റ്റർ ചെയ്ത ഓപ്ഷനുകൾ പരിഗണിച്ചാണ് സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് തയ്യാറാക്കിയിരിക്കുന്നത്. മുൻ ഘട്ടങ്ങളിൽ അലോട്ട്മെന്റ് ലഭിച്ച് പ്രവേശനത്തിൽ തുടരുന്നവരെയും, മൂന്നാം ഘട്ടത്തിൽ അല്ലോട്മെന്ററ് ലഭിച്ച എല്ലാവരെയും, മുൻ ഘട്ടങ്ങളിലെ അല്ലോട്ട്മെന്റിലൂടെ പ്രവേശനം നേടുകയും മൂന്നാം ഘട്ട അല്ലോട്ട്മെന്റിന് ശേഷം വിടുതൽ വാങ്ങിയവരെയും സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

താത്കാലിക അലോട്ട്മെന്റ് സംബന്ധിച്ച് സാധുവായ പരാതികൾ ഉള്ള പക്ഷം ആപ്ലിക്കേഷൻ നമ്പർ, പേര് എന്നിവ ഉൾപ്പെടെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഇ-മെയിൽ (ceekinfo.cee@kerala.gov.in) മുഖേന പരാതികൾ **16.02.2025, 5.00 PM നു മുമ്പായി** അറിയിക്കേണ്ടതാണ്. സാധുവായ പരാതികൾ പരിഹരിച്ചശേഷമുള്ള അന്തിമ അലോട്ട്മെന്റ് 17.02.2025 - ന് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

ജോയിന്റ് കമ്മീഷണർ (അക്കാഡമിക്)
**പ്രവേശന പരീക്ഷാ കമ്മീഷണർക്ക് വേണ്ടി**

തിരുവനന്തപുരം
15-02-2025